## തിരുവനന്തപുരം ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം

വിഷയം: ആ.വ.ഡ- ജീവനക്കാര്യം:- പ്രവേശന കാലാവധി ദീർഘിപ്പിച്ചു നൽകിയതിനു ശേഷം അസിസ്റ്റൻറ് സർജൻ / കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ തസ്തികയിൽ നിയമന ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:
1. അഡ്വൈസ് നം. RIE-3/7/2024-KPSC, തീയതി 08.08.2025
2. ഉത്തരവ് നം. ഇ.എ1- 20590/2025/DHS തീയതി 20.08.2025
3. സ.ഉ (സാധാ ) നം . 3472 / 2025 /H&FWD , തീയതി 06.11.2025
4. ഡോ. ശ്രീനാഥ് സി എസ് സമർപ്പിച്ച അപേക്ഷ തീയതി 11.12.2025

**ഉത്തരവ് നം. ഇ.എ1- 20590/2025/DHS തീയതി. 23-12-2025**

കേരള പബ്ളിക് സർവ്വീസ് കമ്മീഷൻറെ പരാമർശം (1) പ്രകാരമുള്ള നിയമന ശിപാർശയുടെ അടിസ്ഥാനത്തിൽ Dr. Sreenath C S, Cheralassery House, Kuttippala, Vattamkulam, Malappuram - 679578 അസിസ്റ്റൻറ് സർജനായി പരാമർശം (2) പ്രകാരം നിയമന ഉത്തരവ് നൽകിയെങ്കിലും, ടിയാളുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ പരാമർശം (3) പ്രകാരം പ്രവേശന കാലാവധി 25.12.2025 വരെ ദീർഘിപ്പിച്ചു നൽകിയിരുന്നു. പരാമർശം (4) പ്രകാരമുള്ള അപേക്ഷയുടെ അടിസ്ഥാനത്തിൽ ഡോ. ശ്രീനാഥ് സി എസ് നെ **കാസറഗോഡ് നീലേശ്വരം താലൂക്ക് ആശുപത്രിയിൽ** നിയമിച്ചുകൊണ്ട് ഉത്തരവാകുന്നു.

ടിയാൾ 30.12.2025 തീയതിയിക്കകം അസ്സൽ സർട്ടിഫിക്കറ്റുകളും നിയമന ഉത്തരവും സഹിതം കാസറഗോഡ് ജില്ലാ മെഡിക്കൽ ആഫീസർ (ആരോഗ്യം) മുൻപാകെ ഹാജരാകേണ്ടതാണ്. ജോലിയിൽ പ്രവേശിക്കുന്ന പക്ഷം താങ്കളുടെ സീനിയോറിറ്റി കെ.എസ് &എസ്.എസ്.ആർ ഭാഗം II ചട്ടം 27 (സി) യുടെ ഒന്നാം പ്രൊവിസോ പ്രകാരം താങ്കൾ സർവ്വീസിൽ പ്രവേശിക്കുന്ന തീയതി മുതൽക്ക് മാത്രം കണക്കാക്കുന്നതാണ്. ജോലിയിൽ പ്രവേശിക്കാത്ത പക്ഷം താങ്കളുടെ ഒഴിവ് കേരള പബ്ളിക് സർവ്വീസ് കമ്മീഷൻ മുൻപാകെ അറിയിക്കുന്നതാണ്.

ആർ.ടി.സി കൃത്യമായും അയച്ചു തരേണ്ടതാണ്.

Signed by
Meenakshy V
Date: 23-12-2025 17:25:49
**ആരോഗ്യവകുപ്പ് ഡയറക്ടർ**

സ്വീകർത്താവ്,

**Dr. Sreenath C S, Cheralassery House, Kuttippala, Vattamkulam, Malappuram - 679578**

പകർപ്പ്:- 1. ജില്ലാ മെഡിക്കൽ ആഫീസർ (ആരോഗ്യം), കാസറഗോഡ്.
(ഡോ. ശ്രീനാഥ് സി എസ് നെ നിയമിച്ച സ്ഥാപനത്തിൽ ഒഴിവ് ഇല്ലായെങ്കിൽ സാധൂകരണത്തിനു വിധേയമായി മറ്റൊരു സ്ഥാപനത്തിൽ നിയമിക്കേണ്ടതാണ്.)
2. അക്കൗണ്ടൻറ് ജനറൽ (എ&ഇ), തിരുവനന്തപുരം
3. സൂപ്രണ്ട്, താലൂക്ക് ആശുപത്രി നീലേശ്വരം, കാസറഗോഡ്.
(ടിയാളുടെ സേവന വിവരങ്ങൾ ജോലിയിൽ പ്രവേശിക്കുന്ന ദിവസം തന്നെ സ്പാർക്ക് സംവിധാനത്തിൽ രേഖപ്പെടുത്തുന്നതിനുള്ള മേൽ നടപടി സ്വീകരിക്കേണ്ടതാണ്)
4. ഫയൽ/ കരുതൽ ഫയൽ